പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1322 — 30/01/2018-ൽ മറുപടിക്ക്

## പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 01-01-2018 ന് വിദ്യാഭ്യാസ വകുപ്പിൽ പുനർവിന്യസിക്കപ്പെടാത്ത പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടത്തിൽ (1), (2), (3), (4) പ്രകാരമാണ് സംരക്ഷിതാദ്ധ്യാപകനിയമനം നടത്തേണ്ടത്. പക്ഷെ മാനേജർമാരിൽ ബഹുഭൂരിപക്ഷവും ഇത്തരത്തിലുള്ളവരെ നിയമിക്കാത്തതിനാൽ സംരക്ഷണ പ്രക്രിയ പൂർത്തിയായിട്ടില്ല. ആയതിനാൽ സർക്കാർ സ്കൂളിലടക്കം താത്കാലികമായി ഇവരെ പുനർവിന്യസിക്കപ്പെട്ടിരിക്കുകയാണ്. ചട്ടപ്രകാരം സംരക്ഷണം നല്കിയവരുടെ എണ്ണം ശേഖരിച്ചുവരുന്നു. 2017-18 വർഷത്തെ സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ജില്ലാ തലത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരില്ലെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്റ്ററുടെ എൻ ഓ സി യുടെ അടിസ്ഥാനത്തിൽ മറ്റു നിയമനങ്ങൾ അംഗീകരിക്കുമോ; | (ബി) ഇല്ല. കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടം 8 പ്രകാരം സ്കൂൾ സ്ഥിതിചെയ്യുന്ന ജില്ലയിൽ സംരക്ഷിതാദ്ധ്യാപകർ ഇല്ലെങ്കിൽ മറ്റു ജില്ലകളിലെ അദ്ധ്യാപക ബാങ്കിൽ നിന്നു നിയമനം നടത്താൻ മാനേജർ ബാധ്യസ്ഥനാണ്. |
| (സി) 1979 ന് ശേഷം അനുവദിച്ച സ്കൂളുകളിൽ ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ നിയമിച്ചാൽ മറ്റു അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?. | (സി) കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7, ഉപചട്ടം 3 പ്രകാരം പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ 29-01-2016 മുതൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളിലും, റൂൾ 43, 51 എ, 51 ബി അവകാശികൾ ഇല്ലെങ്കിൽ സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

എ) 2017-18 വർഷത്തെ സംരക്ഷിതാദ്ധ്യാപകരുടെ എണ്ണം ജില്ല തിരിച്ച്

| ക്രമനമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 446 |
| 2. | കൊല്ലം | 470 |
| 3. | പത്തനംതിട്ട | 217 |
| 4. | ആലപ്പുഴ | 293 |
| 5. | കോട്ടയം | 108 |
| 6. | ഇടുക്കി | 12 |
| 7. | എറണാകുളം | 399 |
| 8. | തൃശ്ശൂർ | 429 |
| 9. | പാലക്കാട് | 480 |
| 10. | മലപ്പുറം | 357 |
| 11. | കോഴിക്കോട് | 451 |
| 12. | വയനാട് | 13 |
| 13. | കണ്ണൂർ | 316 |
| 14. | കാസർകോഡ് | 68 |
| ആകെ | | 4059 |

സെക്ഷൻ ഓഫീസർ